LIBRARY ARCHIVES Kerala Legislative Assembly

ചാക്ക ക്വാർട്ടേഴ്സിൽ നടന്ന വിജിലൻസ് അന്വേഷണം

118 [1242] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് താമസിക്കുന്നതിനുവേണ്ടി തിരുവനന്തപുരം സിറ്റിക്കുള്ളിൽ എത്ര ക്വാർട്ടേഴ്സുകളാണ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ എല്ലാ ക്വാർട്ടേഴ്സുകളിലും ഇപ്പോൾ താമസക്കാരുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(സി) എത്ര ക്വാർട്ടേഴ്സുകൾ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) ചാക്കയിലുള്ള ക്വാർട്ടേഴ്സിൽ വിജിലൻസ് അന്വേഷണം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടിയാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 868 എണ്ണം.

(ബി) 856 ക്വാർട്ടേഴ്സുകളിൽ താമസക്കാരുണ്ട്.

(സി) 12 എണ്ണം.

(ഡി) ഉണ്ട്.

(ഇ) വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ അനധികൃത താമസക്കാർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മൂന്നാംപാലം-ഒടുങ്ങോട്-മമ്മാക്കുന്ന് റോഡിന് സാങ്കേതിക അനുമതി

119 [1243] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ ധനസഹായത്തോടെ ആർ.ഐ.ഡി.എഫ്.-IX-ൽപ്പെടുത്തി നിർമ്മിക്കുന്ന എടക്കാട് ബ്ലോക്കിലെ മൂന്നാംപാലം-ഒടുങ്ങോട്-മമ്മാക്കുന്ന് റോഡിന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അനുമതി നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ആർ.ഐ.ഡി.എഫ്.-IX-ലെ പ്രവർത്തികൾ നടപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ഡി) സാങ്കേതികാനുമതി നൽകുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ആർ.ഐ.ഡി.എഫ്.-IX-ൽ ഈ പേരിലുള്ള ഒരു പണിക്കും നബാർഡിന്റെ അനുമതി ലഭിച്ചിട്ടില്ല.

(സി) ഉണ്ട്. അനുമതി ലഭിച്ച പണികൾ 2007 മാർച്ച് 31-നകം പൂർത്തിയാക്കേണ്ടതാണ്.

(ഡി) അനുമതി ലഭിച്ചവയ്ക്ക് റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറാണ് സാങ്കേതികാനുമതി നൽകേണ്ടത്.

അഴിക്കോട് മുനമ്പം പാലം

120 [1244] ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോശ്രീപാലം, കൊച്ചിയിലെ വൻ വികസന പ്രവർത്തനങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിൽ അഴിക്കോട് മുനമ്പം പാലത്തിന്റെ പ്രാധാന്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അടിയന്തിരമായി ഈ പാലം നിർമ്മിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലംപണി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

കുണ്ടമൺകടവ് പാലം-മരപ്പാലം-മുറിഞ്ഞപാലം ആധുനികവത്ക്കരണം

121 [1245] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന മേഖലയിലെ കുണ്ടമൺകടവ് പാലം, മരപ്പാലം, മുറിഞ്ഞപാലം എന്നിവ ആധുനികവത്ക്കരിക്കാൻ മരാമത്ത് വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇവയുടെ വികസനത്തിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ഡി) ഏത് ഏജൻസിയെയാണ് നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ഇ) ഇവയുടെ നവീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly